II ഇ.ബി. XII- കേരള നിയമസഭ/XVII-6

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*151) **പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം**

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 456 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ പൂർത്തീകരിച്ച് വരികയാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് പ്രതിദിനം പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യം യഥാക്രമം 78.86 ലിറ്ററും 140 ലക്ഷവും 840 ടണ്ണും പ്രതിദിന ഉൽപ്പാദനം യഥാക്രമം 69.5 ലിറ്ററും 44.6 ലക്ഷവും, 602 ടണ്ണുമാണ്. പാലുൽപ്പാദനം പ്രതിദിനം 9 ലക്ഷം ലിറ്റർ വർദ്ധിച്ചിട്ടുണ്ട്. നാടൻ ഇനം പശുക്കളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള എല്ലാ സംവിധാനങ്ങളും സ്വീകരിച്ചിട്ടുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുളത്തുപ്പുഴയിൽ ഒരു ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും അത്യാധുനിക

സജ്ജീകരണങ്ങളോടെയുള്ള ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഹൈടെക് ഡയറി ഫാമുകളുടെ കാര്യത്തിൽ സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി എൻ.ആർ.ഐ.ക്കാർ സമർപ്പിച്ച പ്രോജക്ടുകൾ പരിശോധിച്ചു വരികയാണ്. അവർക്ക് ആവശ്യമായ സഹായവും ചെയ്തുകൊടുക്കുന്നതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മായം ചേർത്ത പാലും മാംസാ വശ്യത്തിനായി കൊണ്ടുവരുന്ന കന്നുകാലികളെയും പരിശോധിക്കാൻ എല്ലാ ചെക്ക്പോസ്റ്റുകളിലും ഡയറി ഫാം ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡു കളെയും വെറ്ററിനറി ഡോക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നിരോധിക്കപ്പെട്ട പാലുകളുടെ ബ്രാന്റ് നെയിമിൽ മാറ്റം വരുത്തി വിതരണം ചെയ്യുന്നത് തടയാൻ നിയമ ഭേദഗതി ആലോചിക്കുന്നുണ്ടെന്നും മന്ത്രി വ്യക്ത മാക്കി. ക്ഷീര മേഖലയുടെ വികസനത്തിനായി 210 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും പണവും ലഭിച്ചിട്ടുണ്ട്. 240 കോടി രൂപ സംസ്ഥാന ഗവൺമെന്റും ചെലവാക്കിയിട്ടു ണ്ട്. ക്ഷീര കർഷകരുടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ പദ്ധതിക ളിലൂടെ 58,000-ത്തോളം പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. പരമാവധി ആളുകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനുള്ള എല്ലാ പദ്ധതികളും ആവി ഷ്ക്കരിച്ചിട്ടുണ്ട്. കാലിത്തീറ്റയുടെ സബ്സിഡി വർദ്ധിപ്പിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. കാലിത്തീറ്റയുടെ ഉൽപ്പാദനത്തിനായി നിലവിലുള്ള ഫാക്ടറി കൂടാതെ മറ്റൊരെണ്ണം കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ക്ഷീര കർഷരെ സഹായിക്കാനായി നിയോഗിക്കപ്പെട്ട കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഒരു പശു ഉള്ള ആൾക്ക് 50% സബ്സിഡി നിരക്കിൽ

രണ്ടാമതൊരു പശുവിനെ കൂടി വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. ശാസ്ത്രജ്ഞൻമാരുമായി ആലോചിച്ചും വർക്ക്ഷോപ്പുകൾ നടത്തിയുമാണ് പുതിയ ബ്രീഡിംഗ് പോളിസിക്ക് രൂപം നൽകിയിട്ടുള്ളത്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ എ.പി.എൽ-ബി.പി. എൽ വ്യത്യാസമില്ലാതെ കോഴികളെ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ചാലക്കുടിയിൽ എം. പി.ഐ.യുടെ നിയന്ത്രണത്തിലുള്ള 17 ഏക്കർ സ്ഥലത്ത് സംയുക്തമായി 20 കോടി രൂപ മൂലധനം നിക്ഷേപിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള ഒരു മീറ്റ് പ്രോഡക്ട്സ് സെന്റർ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു ണ്ടെന്നും മാവേലി സ്റ്റോറുകളുമായും മറ്റ് ഔട്ടലെറ്റുകളുമായും ബന്ധപ്പെ ടുത്തി എം.പി.ഐ.യുടെയും കെപ്കോയുടെയും ഔട്ട്ലെറ്റുകൾ സംയുക്ത മായി പ്രവർത്തിപ്പിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20(*152) **സ്മാർട്ട് സിറ്റി സംബന്ധിച്ച തർക്കങ്ങൾ**

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സ്മാർട്ട് സിറ്റി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കാനായി നോർക്ക വൈസ് ചെയർമാൻ ശ്രീ. എം. എ. യൂസഫലിയെ ടീകോമുമായി ചർച്ച നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്നുവെന്നും ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണ്ണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെ സ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വ ത്തിലുള്ള ഡെലിഗേഷനുമായി 02.02.2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ തർക്കവിഷയങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു.

സ്മാർട്ട്സിറ്റി പദ്ധതിക്കുവേണ്ടി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി മുൻ സർക്കാർ 9.9.2005-ൽ ധാരണാപത്രം ഒപ്പുവച്ചുവെങ്കിലും ഇത് സംബന്ധി ച്ചുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് ഈ സർക്കാരും TECOM FZ-LLC-യുമായി 13.05.2007-ലാണ് ഒപ്പു വച്ചത്. സ്മാർട്ട് സിറ്റിക്കായി ആകെ 246 ഏക്കർ ഭൂമിയാണ് എടുത്തിട്ടുള്ളത്. ഇൻഫോ പാർക്കിന്റെ രണ്ടാം ഘട്ട വികസന ത്തിലൂടെ ആദ്യം 15,000 ആളുകൾക്കും തുടർന്ന് 75,000 ആളുകൾക്കും തൊഴിൽ ലഭിക്കും. ഇൻഫോപാർക്കിൽ ഇപ്പോൾ 13,000-ത്തോളം തൊഴിലാ ളികളുണ്ട്. ഈ മേഖലയിൽ പത്ത് ഐ.ടി പാർക്കുകളുണ്ട്. രണ്ട് ലക്ഷത്തി ലധികം ആളുകൾ വിവിധ സ്ഥാപനങ്ങളിലായി പണിയെടുക്കുന്നു. സോഫ്റ്റ്വെയർ ഡെവലപ്പേഴ്സായ ലീലാ സോഫ്റ്റ്വെയർ, എൽ ആന്റ് ടി തുടങ്ങിയ കമ്പനികൾക്കും ഐ.ടി പാർക്കിനായി ടി.സി.എസ്, ഐ.ബി.എസ് എന്നിവർക്കുമായി 60 ഏക്കർ ഭൂമി ഇൻഫോ പാർക്കിൽ നിന്നും നൽകിയി ട്ടുണ്ടെന്നും ഇത് പൂർണ്ണമായും ഐ.ടി ആവശ്യത്തിനായി ഉപയോഗി ക്കുമെന്നും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഐ.ടി. വികസനം എന്ന സർക്കാർ നയത്തിന്റെ ഭാഗമാണിതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

21 (*153) <u>അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം</u>

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) നൽകിയ മറുപടിയിൽ, അന്തർദേശീയ യൂത്ത് എക്സചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി യുവജനങ്ങൾക്ക് വിദേശരാജ്യങ്ങളിലെ കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള അവസരം ഒരുക്കുക, വിദേശ ഭാഷാ പഠനം, വിദ്യാഭ്യാസ രീതിയെക്കുറിച്ച്

പരസ്പരം അറിവ് നേടൽ, സാംസ്ക്കാരിക പൈതൃകവും പാരമ്പര്യവും മറ്റ് രാജ്യങ്ങളിലെത്തിക്കുക, കേരളത്തിലെ തനത് കലാരൂപങ്ങൾ അവർക്ക് മനസ്സിലാക്കികൊടുക്കുക എന്നീ ഉദ്ദേശത്തോടും ലക്ഷ്യത്തോടുംകൂടി തെരഞ്ഞെടുക്കപ്പെട്ട യുവാക്കളേയും യുവതികളേയും മറ്റു രാജ്യങ്ങളിലേയ്ക്ക് സന്ദർശനത്തിനായി അയച്ചിരുന്നുവെന്നും ഇതിന്റെ ഭാഗമായി കേരളത്തിൽനിന്നും ഇതുവരെ 43 യുവതീയുവാക്കൾ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പഠനയാത്രകൾക്ക് യുവതി/യുവാക്കളെ തെരഞ്ഞെടുക്കുന്നത് ഭാരത സർക്കാർ സംഘടിപ്പിച്ചുവരുന്ന ദേശീയ യുവോത്സവത്തിൽ കേരളത്തിൽനിന്നും പങ്കെടുത്തവർ, കേരളോത്സവ വിജയികൾ, വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ, സർവ്വകലാശാലാ യുവജനോത്സവ പരിപാടികളിലെ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്. പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽനിന്നുള്ള 15 യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട്. അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിനുവേണ്ടി ഇക്കൊല്ലം പ്ലാൻ ഫണ്ടിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 171 രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സൗത്ത് ആഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടക്കുന്ന വേൾഡ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിലേയ്ക്ക് 32 ആളുകളാണ് കേരളത്തിൽ നിന്നും പങ്കെടുക്കുന്നത്. കേരളത്തിലെ നാഷണൽ പ്രിപ്പറേറ്ററി കമ്മിറ്റിയാണ് ഇതിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുക്കുന്നത്. യൂത്ത് വെൽഫെയർ ബോർഡ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും യുവജനങ്ങളുടെ ഇടയിൽ ദേശിയോദ്ഗ്രഥന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഡിസാസ്റ്റർ മാനേജുമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങ

ളിൽ അവരെ പങ്കാളികളാക്കാനും അവർക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ടി 'ജാലകം' എന്നൊരു വെബ്സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ടെന്നും കളരിപ്പയറ്റിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് സംസ്ഥാനവും യൂത്ത് വെൽഫെയർ ബോർഡും സംയുക്തമായി ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (* 154) <u>ധനവിനിയോഗത്തിൽ വന്ന പുരോഗതി</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ധനവിനിയോഗത്തിൽ യാഥാസ്ഥിതിക ധനനയങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ ക്ഷേമ വികസന ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ നയമാണ് സർക്കാർ സ്വീകരിച്ചതെന്നും ഇതിന്റെ ഫലമായി 2001–2006 കലയളവിൽ സർക്കാർ ചെലവ് 53 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചുവെന്നും വികസന പദ്ധതികൾക്ക് തുക അനുവദിക്കുന്ന കാര്യത്തിൽ അടിസ്ഥാന വികസന മേഖലകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. 2010–11 സാമ്പത്തിക വർഷത്തിൽ ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, റോഡുകൾ-പാലങ്ങൾ, വിദ്യാഭ്യാസം, ഐ.റ്റി., ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2005–2006-ൽ റോഡുകൾക്കും പാലങ്ങൾക്കുമായി 533.20 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ച സ്ഥാനത്ത് 2009–2010-ൽ 1072.41 കോടി രൂപയാണ് ചെലവ

ഴിച്ചത്. 2005–2006-ൽ വ്യവസായം, വിവര സാങ്കേതികവിദ്യ, വിനോദ സഞ്ചാരം എന്നീ മേഖലകൾക്കായി യഥാക്രമം 201.14, 18.20, 86.15 കോടി രൂപ വീതം ചെലവഴിച്ച സ്ഥാനത്ത് 2009–10-ൽ യഥാക്രമം 347.25, 115.86, 120.80 കോടി രൂപ വീതമാണ് പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. 2005–2006-ലെ 19,528 കോടി രൂപയിൽ നിന്ന് 2010–11-ൽ (പുതുക്കിയ കണക്കുപ്രകാരം) 39,790 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നു. സർക്കാരിന്റെ മൊത്തം ചെലവിൽ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്ന് 8.5 ശതമാനമായി. വികസനച്ചെലവ് 53 ശതമാനത്തിൽ നിന്ന് 55 ശതമാനമായി ഉയർന്നു. 2005–06 സാമ്പത്തിക വർഷത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി 224.90 കോടി രൂപയുടെ പദ്ധതി അടങ്കൽ അംഗീകരിച്ച സ്ഥാനത്ത് 2010–11 സാമ്പത്തിക വർഷത്തിൽ 705.55 കോടി രൂപയുടെ പദ്ധതി അടങ്കലാണ് അനുവദിച്ചിട്ടുള്ളത്. RKVY, BRGF എന്നീ ഇനങ്ങളിലായി യഥാക്രമം 120 കോടി രൂപയും 40.26 കോടി രൂപയും കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുണ്ട്. പരമ്പരാഗത മേഖല, സാമൂഹ്യ സുരക്ഷാ മേഖല, പട്ടികജാതി-പട്ടികവർഗ്ഗം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്കെല്ലാം വളരെ ഉയർന്ന പരിഗണന നൽകുന്നതിന്റെ ഫലമായി പ്രസ്തുത മേഖലകളിലെ സർക്കാർ ചെലവിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. സാമുഹ്യ സുരക്ഷാ പദ്ധതികൾക്ക് 2001–06-ൽ പ്രതിവർഷം ശരാശരി 134 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 2010–2011-ൽ 788

കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ കടഭാരം കുറഞ്ഞിരിക്കുകയാണെന്നും കാർഷിക മേഖലയിലെ വിവിധ പെൻഷൻ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു പെൻഷൻ പദ്ധതിക്ക് രൂപം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23(*155) **<u>മുസ്ലീം പിന്നോക്ക വിഭാഗങ്ങളുടെ നിയമനങ്ങളിൽ ബാക്ക്ലോഗ് നികത്താൻ നടപടി</u>**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2006-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ സർവ്വീസിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ മാതൃകയിൽ സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1237 മുതൽ 1463 വരെയുള്ള ചോദ്യങ്ങളിൽ 92 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)